**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5178** **21-03-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കേര ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേര ഗ്രാമം പദ്ധതി നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം ഒന്നാം വർഷവും പാവറട്ടി ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം മൂന്നാം വർഷവും നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിൽ പുതിയ കേര ഗ്രാമങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് 2021-22 ൽ എളവള്ളി പഞ്ചായത്തിലും 2022-23-ൽ പാവറട്ടി ഗ്രാമപഞ്ചായത്തിലും 2024- 25 ൽ വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തിലും കേര ഗ്രാമങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് കേര ഗ്രാമം പദ്ധതിയ്ക്കായി മണ്ഡലത്തിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്നും എത്ര രൂപ ഇതിനായി ചെലവഴിച്ചെന്നും അറിയിക്കാമോ; | (സി) | **1. എളവള്ളി ഗ്രാമപഞ്ചായത്ത് – 2021-22, 2022-23, 2023-24**<br><br>2021-22 ൽ ആരംഭിച്ച കേരഗ്രാമം ഒന്നാംവർഷം പദ്ധതിയിൽ തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പോഷക പരിപാലനം, ജലസേചന പദ്ധതി, തെങ്ങുകയറ്റയന്ത്രം, കേരസമിതി ധനസഹായം, ഓപ്പറേഷണൽ സപ്പോർട്ട് എന്നിവയ്ക്കായി 5196390/- രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം വർഷ കേരഗ്രാമം പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പോഷക പരിപാലനം, ഇടവിള കൃഷി എന്നിവയ്ക്കായി 8,00,000/- രൂപ ചെലവഴിച്ചു. മൂന്നാം വർഷ കേരഗ്രാമം പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പോഷക പരിപാലനത്തിനായി 1,50,177/- രൂപ ചെലവഴിച്ചു.<br><br>**2. പാവറട്ടി ഗ്രാമപഞ്ചായത്ത്- 2022-23,2023-24, 2024-25**<br><br>2022 -23 ൽ ആരംഭിച്ച കേരഗ്രാമം ഒന്നാംവർഷം പദ്ധതിയിൽ തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പോഷക പരിപാലനം, ജലസേചന പദ്ധതി, തെങ്ങുകയറ്റയന്ത്രം, കേരസമിതിയ്ക്കായുള്ള ധനസഹായം, ഓപ്പറേഷണൽ സപ്പോർട്ട് |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്കായി 20,03,450/- രൂപ ചെലവഴിച്ചു. തുടർന്ന് രണ്ടാം വർഷ കേരഗ്രാമം പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പോഷക പരിപാലനം , സമഗ്ര കീടരോഗ പരിപാലനം എന്നിവയ്ക്കായി 8,00,000/- രൂപ ചെലവഴിച്ചു. തുടർന്ന് മൂന്നാം വർഷ കേരഗ്രാമം പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളിലെ സംയോജിത പോഷക പരിപാലനത്തിനായി 1,59,840/- രൂപ ചെലവഴിച്ചു.<br><br>**3 . വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് 2024-25**<br><br>തെങ്ങിൻ തോട്ടങ്ങളിലെ തടം തുറക്കൽ ,ഇടവിള കൃഷി,സംയോജിത പോഷക പരിപാലനം ,പ്രായമേറിയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങു മുറിച്ചുമാറ്റൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ പദ്ധതി വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തിൽ പുതിയ കേര ഗ്രാമം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ മാനദണ്ഡങ്ങൾ പാലിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും കേരഗ്രാമം പദ്ധതി വരും വർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ